**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 728** **30-01-2024 - ൽ മറുപടിയ്ക്ക്**

**പുതിയ ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഇടുക്കിയിൽ രണ്ടാം നിലയം ഉൾപ്പെടെ പുതിയ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്നതിന് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇടുക്കിയിൽ രണ്ടാം നിലയം ഉൾപ്പെടെ പുതിയ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്നതിന് കെ.എസ്.ഇ.ബി.എൽ ഉദ്ദേശിക്കുന്നുണ്ട്. പുതിയ പദ്ധതികളുടെ വിവരങ്ങൾ **അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ബി) | എങ്കിൽ ഈ പദ്ധതികൾക്കായി ചെലവഴിക്കേണ്ട തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | 18 പദ്ധതികൾക്കായി ഏകദേശം 9292.37 കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതികൾ വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ; | (സി) | ഈ പദ്ധതികൾ വഴി 1606 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു. |
| (ഡി) | പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനോടൊപ്പം തുടങ്ങി വച്ച പദ്ധതികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | കാലാ കാലങ്ങളിൽ പുരോഗതി വിലയിരുത്തി പ്രശ്നങ്ങൾ പരിഹരിച്ച് തുടങ്ങി വച്ച പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ നടന്നു വരുന്ന ജല വൈദ്യുത പദ്ധതികൾ

| | പദ്ധതി | മെഗവാട്ട് | ദശ ലക്ഷം യൂണിറ്റ് | പ്രതീക്ഷിക്കുന്ന തുക (കോടി രൂപ) |
|---|---|---|---|---|
| 1 | അപ്പർ ചെങ്കുളം SHEP | 24 | 53.22 | 316 |
| 2 | പൊരിങ്ങൽകുത്ത് സ്റ്റേജ് II | 24 | 53.85 | 80.7 |
| 3 | കക്കയം പമ്പിംഗ് സ്കീം | | 29.488 | 25.10 |
| 4 | മരിപ്പുഴ | 6 | 14.84 | 80.54 |
| 5 | പീച്ചാട് SHEP | 3 | 7.74 | 51.50 |
| 6 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | 87 |
| 7 | ലാഡ്രും SHEP | 3.5 | 12.13 | 73 |
| 8 | മാർമ്മല SHEP | 7 | 23.02 | 115 |
| 9 | കീരിത്തോട് | 12 | 27.65 | 141.92 |
| 10 | ചെമ്പുകടവ് III SHEP | 7.5 | 16.65 | 105.55 |
| 11 | ചാത്തൻകോട്ടുനട I SHEP | 5 | 12.06 | 98.21 |
| 12 | പശുക്കടവ് SHEP | 4 | 10.34 | 64.85 |
| 13 | വളാംതോട് SHEP | 7.5 | 15.29 | 91.51 |
| 14 | പൊരിങ്ങൽക്കുത്ത് മൈക്രോ | 36 കിലോവാട്ട് | 0.25 | 1.43 |
| 15 | ആനക്കയം SHEP | 7.5 | 22.13 | 139.62 |
| 16 | ഇടുക്കി ഗോൾഡൻ ജൂബിലി ജല വൈദ്യുത പദ്ധതി | 800 | 1301 | 3062.08 |
| 17 | ശബരിഗിരി എക്സ്റ്റൻഷൻ സ്കീം | 450 | 834.16 | 3128.36 |
| 18 | ലക്ഷ്മി | 240 | 347 | 1630 |
| | ആകെ | 1606.036 | 2798.228 | 9292.37 |

സെക്ഷൻ ഓഫീസർ